LIBRARY ARCHIVES Kerala Legislative Assembly

സൗജന്യനിരക്കിൽ റേഷൻ നൽകുന്ന പദ്ധതികൾ

294 [1176] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

,, പി. എസ്. സുപാൽ:

,, എൻ. രാജൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യനിരക്കിൽ നൽകിവരുന്ന റേഷൻ നിർത്തലാക്കുന്നതിനോ ഈ പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനോ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പാവപ്പെട്ടവർക്ക് റേഷൻകടകളിലൂടെ കുറഞ്ഞ വിലയ്ക്കുള്ള അരിയും ഭക്ഷ്യസാധനങ്ങളും നൽകുന്ന ഏതൊക്കെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെയും ഗോതമ്പിന്റെയും കാട്ട വർദ്ധിപ്പിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതികളിലൂടെ എത്ര കുടുംബങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) 2001-02 മുതൽ കഴിഞ്ഞ 4 വർഷം ഓരോ വർഷവും ഈ ഭക്ഷ്യ സാധനങ്ങൾ എത്രവീതം സംസ്ഥാനത്തിന് അനുവദിച്ചുകിട്ടി എന്ന് വ്യക്തമാക്കാമോ

ഉത്തരം

(എ) ഇല്ല.

(ബി) പാവപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യസാധനങ്ങൾ നൽകുന്ന മൂന്ന് പദ്ധതികളാണ് നിലവിലുള്ളത്.

1. *ബി.പി.എൽ*

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡുടമകൾക്ക് പ്രതിമാസം 35 കിലോ ഭക്ഷ്യ ധാന്യങ്ങൾ ലഭിക്കുന്നതിന് അർഹതയുണ്ട്. ഇത് 75% അരിയും 25% ഗോതമ്പു മായാണ് വിതരണം നടത്തുന്നത്. അരിക്ക് കിലോ ഒന്നിന് 6.20 രൂപയും ഗോത മ്പിന് 4.70 രൂപയും ആണ് വില.

2. അന്ത്യോദയ അന്നയോജന

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ കൂടുതൽ പാവപ്പെട്ടവരായ ആളുകളെ തെരഞ്ഞെടുത്ത് പ്രതിമാസം 3 രൂപ നിരക്കിൽ 35 കിലോ അരി നൽകുന്നു.

3. അന്നപൂർണ്ണ

65 വയസ്സിനുമേൽ പ്രായമുള്ളവരും കേന്ദ്ര അഗതി പെൻഷന് അർഹതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തതുമായ അഗതികൾക്ക് പ്രതിമാസം 10 കിലോ അരി സൗജന്യമായി നൽകിവരുന്നു.

(സി) മണ്ണെണ്ണ അലോട്ട്മെന്റ് വർദ്ധിപ്പിക്കുവാൻവേണ്ടി കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു. ഗോതമ്പിന്റെ ഉപഭോഗത്തിനനുസരിച്ച് അലോട്ട്മെന്റ് ലഭിക്കുന്നുണ്ട്.

(ഡി) ബി.പി.എൽ — 1571203 കുടുംബങ്ങൾ

അന്ത്യോദയ അന്നയോജന — 471800 ,,

അന്നപൂർണ്ണ — 44980 ,,

	ബി.പി.എൽ. (അരി) (മെ.ടൺ)	*അന്ത്യോദയ (മെ.ടൺ)*	*അന്നപൂർണ്ണ (മെ.ടൺ)*	*ബി.പി.എൽ. (ഗോതമ്പ്) (മെ.ടൺ)*
2001-02	368380	71460	3758	..
2002-03	552564	100044	4887	..
2003-04	503307	117597	3715.6	31704
2004-05	371154	157744	3715.6	123710

റേഷൻകടകളും റേഷൻ കാർഡുടമകളും

295 [1178] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം സംസ്ഥാനത്താകെ നിലവിലുണ്ടായിരുന്ന റേഷൻ കാർഡുടമകളുടെ എണ്ണവും ഇപ്പോഴുള്ള റേഷൻ കാർഡുടമകളുടെ എണ്ണവും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly